## ശിവവിലാസം

## വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ ,കൊല്ലം

# പുലരി



പുലരി 2020

# ശിവവിലാസം വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ താമരക്കുടി



# സന്ദേശം

വിവരസാങ്കേതികവിദ്യ അനുദിനംവളർന്നുകൊണ്ടിരിക്കുന്ന ഈ ലോകത്ത് ഇതിനെ ഒഴിവാക്കിയുള്ള മനുഷ്യജീവിതത്തെക്കുറിച്ച് ചിന്തിക്കാനാകുന്നില്ല. മനുഷ്യനന്മ കുട്ടികളിൽനിന്ന് അകന്നുപൊയ്ക്കൊ-ണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ സർഗ്ഗാത്മക കഴിവുകളെ പരിപോഷിപ്പിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. കലയും സാഹിത്യവും മനുഷ്യമനസ്സിനെ നിർമലീകരിക്കുന്നു എന്ന യാഥാർത്ഥ്യവും തിരിച്ചറിഞ്ഞ് കുട്ടികളുടെ കഴിവുകളെ പരിപോഷിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് പുലരി എന്ന മാഗസിൻ തയ്യാറാക്കിയത് . ഇതിനു പിന്നിൽ പ്രവർത്തിച്ച എല്ലാ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ആശംസകൾ നേരുന്നു.

സ്നേഹപൂർവ്വം

ഹെഡ്മിസ്ട്രസ്

അനിത.എം.എസ്

# ആമുഖം

അറിവ് മറ്റൊരാളിൽ നിന്ന് പകർന്നുകിട്ടുക എന്നതിനപ്പുറം ഓരോരുത്തരും സ്വയം നിർമിക്കേണ്ടതാണ് എന്ന തിരിച്ചറിവാണ് ഇന്ന് വിദ്യാലയങ്ങൾ പകർന്നു നൽകുന്നത്.ഹൈടെക് പദ്ധതിയിലൂടെ കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കുന്ന  ലിറ്റിൽ കൈറ്റ്സ് എന്ന കുട്ടികളുടെ ഐ.ടി കൂട്ടായ്മ , സാങ്കേതിക വിദ്യയിൽ വൈദഗ്ധ്യവും താത്പര്യവുമുള്ള ഒരു പുതുതലമുറയെ വാർത്തെടുക്കാൻ അനിവാര്യമായ ഒന്നാണ്. ഇതിലൂടെ പ്രാഗത്ഭ്യം നേടിയ മിടുക്കന്മാരും മിടുക്കിമാരും തയ്യാറാക്കിയ പുലരി എന്ന മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

**ആര്യ.ആർ**

**ശ്രീജ.എം.എസ്**

# EDITORIAL

SURYAKIRAN SANTHOSH

ADITHYAN S

DEVANARAYAN A

SYAM SUNDAR

AKSHAY BIJU

ADITH KRISHNA

ANGEL S JOHN

INDRAJA UDAYAN

LEKSHMI A

# സൈബർ ലോകത്ത് മഴ പെയ്യുമ്പോൾ

ഞാനൊരു മഴകണ്ടു മഴയിൽ പുഴ കണ്ടു
ആ മഴയിൽ ഞാൻ കുളിരണിഞ്ഞു.
സൈബർ ആപ്പുകൾ തലയിൽ കയറി
പെരുത്തുകേറി ഞാൻ നടന്നു
ആപ്പുകൾ എനിക്കൊരാപ്പായി മാറി
ആപ്പുകൾ നിർത്തി സുഖമായുറങ്ങി
ഞാനുറങ്ങി സുഖമായുറങ്ങി.

ജയദേവ് ജെ ഡി
VIII A

# *Loneliness*

AKSHAYA T S
X A

I am alone in between the ocean of trees,
Early in a calm and quiet morning.
The sun showed all its beauty to leaves of trees and plants,
His rays reflected from leaves and then to my face
Yes, I am lonely here,

Only a few of my friends,plants and trees with me.
They talked to me,
Finally answered my questions.
Followed shaking their heads,
I asked them who is your best friend
They answered,
Its you, Its you.
Leaves of spring season fallen to the path that I walk.
Some of the trees removed their hats and,
waited for the next one.
I walked and walked so far,
now in that lonely valley;
my thoughts still remains.......

# Maternity

ANJANA KRISHNAN
X B

Mom...! Where is my bag? Where did you placed my pen? Mom said : " I have only two hands manikutty. Your pen is on the table.

Okay mom I am going to school. Manikutty thought that 'Why did I always make difficulties in my mom's life.' My mom less eye sight. When I grew up my difficulties will reward in future for my mom. Manikutty think that ' if my father alive ' When she heard the sound of the school van ,she wakes up from the thinking of her mom. Manikutty reached this school. She has many friends in the school. All of them want to become doctors and engineers but Manikutty's ambition was to save her mother from those difficulties.

Manikutty sings well. She protect her mother by earning money by singing. One day Manikutty's class teacher asked everyone,

' who inspired you in your life? ' ' who inspired you Bhadra? ' Teacher asked.

'Abraham lincon' she said;

Everyone said scientist's name but Manikutty said that her mother inspired her. The teacher asked the reason. She said; My mother is blind. I like her courage to look after me. All of them want this courage.When she said this, no one believed it. After that all of them greeted with a louder applause. They all prayed for her mother.

# മലയാളം

മഞ്ഞുനീർ ത്തുണിപോൽ

എന്നാത്മ മലയാളം

നാവിന്റെ ത്തുമ്പത്ത്

എഴുതിയ മലയാളം

അമ്മയെന്നുച്ചരിച്ച നാം

ലോകം എന്നുച്ചരിച്ച

എഴുത്തച്ഛനെഴുതി പഠിപ്പിച്ച മലയാളം

കാവ്യ ലോകത്തെ കീർത്തിയാം മലയാളം

എന്റെ കേരളമണ്ണി

മണമായ മലയാളം.

**അരുണിമ.എ.എ**

**VIII A**

# Flying lovers

We have to go more to high
As we want to know what we are!
We are the lovers !We are the world!
We are the children !
We can fly high like,
Passenger Pigeons.
We can fly huge,
We can love deep
And we are the flying lovers.

**JAYADEV J.D**
**8A**

# ഓണപ്പൂലരി

ഓണനാളിൽ മാവേലിമന്നൻ
കുടയും ചൂടി എത്തുമ്പോൾ,
തന്നുടെ പ്രജകൾ പൂക്കളം
തീർത്ത് തമ്പുരാനെവരവേൽക്കും
പരിപ്പുക്കുട്ടി സദ്യ നൽകി
തൃപ്തനാക്കി അയക്കുമ്പോൾ
തന്നെുടെ പ്രജകൾ തൻ സന്തോഷം
കണ്ടുമടങ്ങുന്ന മാവേലി .

**ഇന്ദ്രജ ഉദയൻ**
***9A***


# സ്നേഹം

നിഴലിൻ ആഴമായി മാറിയ
അടിപതറാതെ നീ എന്നിലേക്ക് എത്തു
എൻ ഹൃദയത്തിനിടിപ്പായി മാറിയ
അനുരാഗ സ്നേഹമേ നീയെവിടെ
കാലത്തിൻ അതിരുകൾ ഇല്ലാതെ നീ
ഓർമ്മതൻ ചെപ്പിലേക്ക് ചേരുകയായി
ആത്മാവിൻ നിഴലുകൾ തേടുകയായി
നിഴലിൻ ആഴമായിമാറിയ സ്നേഹമേ
അടിപതറാതെ നീ എന്നിലേക്ക് എത്തു.

**അതുല്യ കെ.എസ്**
**10 A**

# ബഷീർ എന്ന കഥാ നായകൻ

പ്രസിദ്ധ നോവലിസ്റ്റും, കഥാകാരനും, സ്വാതന്ത്ര്യസമരസേനാനിയുമാണ് വൈക്കം മുഹമ്മദ് ബഷീർ.തീവ്രമായ ജീവിതാനുഭവങ്ങളാണ് അദ്ദേഹത്തിന്റെ രചനയുടെ കരുത്ത്. ജീവിതത്തെ അതേപടി എഴുതുന്ന കഥാകാരനാണ് വൈക്കം മുഹമ്മദ് ബഷീർ.സ്വന്തം ജീവിതത്തെ സ്വന്തം ഭാഷയിൽ എഴുതിയ ഒരു കഥാകാരനാണ് അദ്ദേഹം.



ബഷീറിന്റെ കൃതികളായ "പാത്തുമ്മയുടെ ആട് ", "ഭൂമിയുടെ അവകാശികൾ","അമ്മ" എന്ന ഒട്ടനവധികൃതികളിലും പ്രധാന കഥാപാത്രം ബഷീർ തന്നെയാണ്."പാത്തുമ്മയുടെ ആട് തികച്ചും ഒരു ആത്മകഥയാണ്". "ഭൂമിയുടെ അവകാശികൾ"എന്ന കഥയിൽ മുഖ്യമായി അവതരിപ്പിച്ചിട്ടുള്ളത് പ്രകൃതിയെയാണ്.

**ആദിത്യൻ.എസ്**

**9A**

# പ്രളയക്കെടുതി

ഒരു രാവുപുലരുമ്പോൾ കേരളം പുഴയായി-
നദിയായ് തടാകമായ് കുത്തൊഴുക്കായ്
ചിന്നിച്ചിതറുന്ന ജീവിതം പലദിക്കിലായ്
ജന്മം കൊടുത്തവർ എങ്ങോ മറഞ്ഞുപോയ്
കുത്തിയൊഴുകുന്ന മലവെള്ള പാച്ചിലിൽ
ഒഴുകുന്ന മർത്ത്യന്റെ നിലവിളിയും
ഉടുതുണിമാത്രമായ് കരയിലേക്കേന്തിയ
മർത്ത്യന്റെ വേദന അലയടിയായ്
ജാതീ മറന്നു ഭാരതമൊന്നായ്
കൈപിടിച്ചുയർത്തുന്നു ജീവിതങ്ങൾ
നഷ്ടമാം ജീവിതം കെട്ടിപ്പടുക്കാനായ്
പലദിക്കിൽ നിന്നെത്തി കാരുണ്യ ഹസ്ത്ങ്ങൾ
പുഴയായ കേരളം കരയായ് മാറുവാൻ
ഒന്നായി നിന്നു ദൈവത്തിൻ മക്കൾ.

**അഖില അനിൽ**

**7 B**

# അമ്മ

അമ്മയാണ് ദൈവം അമ്മയാണ് നന്മ

അമ്മയാണ് സ്നേഹത്തിൻ ഉറവിടവും

അക്ഷരമാദ്യം ചൊല്ലി പഠിപ്പിച്ചതെന്റെ അമ്മ

എന്നെയീ ലോകം കാണിച്ചതെന്റെ അമ്മ

നന്മയാണ് നല്ലതെന്ന് ചൊല്ലിയതമ്മ

എന്നെ താലോലിച്ചിടുമെന്റെ അമ്മ

ഞാൻ കരയാതെ നോക്കിയെന്നമ്മ

അമ്മയില്ലാത്തൊരു ജീവിതം പോലും

ഞാൻ സ്വപ്നം കാണുകയില്ല

ഓർക്കാതിരിക്കാൻ ശ്രമിച്ചിടുന്നു ഞാൻ

അമ്മയില്ലാത്തൊരു ജീവിതവും

തന്റെ വേദന സഹിച്ചുകൊണ്ടെന്നെ

പത്തുമാസം ചുമന്നില്ലേ

എങ്ങനെ ഞാൻ നന്ദി പറയുമെന്നമ്മയ്ക്ക്

എങ്ങനെ ഞാൻ പ്രതിഫലം നൽകുമെന്നമ്മയ്ക്ക്

എന്നെ ചുമന്നതിന്...

ഒരിക്കലും ചെയ്യരുതാരുമീ പാപം

അമ്മയെ വൃദ്ധസദനത്തിലാക്കരുതേ

വൃദ്ധസദനത്തിലാക്കരുതേ.....

**അനശ്വര റ്റി എസ്**

**8 B**

# ലഹരിയെന്ന ഭീകരൻ

ഒരിടത്ത് രാമു എന്ന് പേരുള്ള ഒരാളുണ്ടായിരുന്നു. അവൻ ഒരു നല്ലയാളാണ്. ഒരു ദിവസം അവൻ തിരുവനന്തപുരത്തേക്ക് പേവുകയായിരുന്നു. ട്രെയിനിലായിരുന്ന യാത്ര . സുഖമായി യാത്ര ചെയ്യുിരുന്ന രാമു സന്തോഷമായി പുറത്തെ കാഴ്ചകൾ കണ്ടിരുന്നു. പെട്ടെന്ന് ട്രെയിൻ ഒരു സ്റ്റേഷനിൽ നിർത്തി.കുറേ ഹൈസ്കൂൾ വിദ്യാർത്ഥികൾ ട്രെയിനിൽ കയറി. അവൻ വണ്ടിയുടെ ഏറ്റവും പുറകിലത്തെ സീറ്റിലിരുന്നു. അവൻ അവരുടെ ബാഗ് തുറന്നു. ഒരു വലിയ കള്ളുകുപ്പി പുറത്തെടുത്തു.എന്നിട്ട് അവിടെ ഇരുന്ന് കുടിച്ചു.ട്രെയിനിലെ ഒരു ഉദ്യോഗസ്ഥൻ അവരെ മാറ്റാൻ ശ്രമിച്ചു. അവർ അദ്ദേഹത്തെ ചീത്ത വിളിച്ചു. കുടിച്ച് കൂത്താടിയിരുന്ന കുട്ടികളെ രാമു ശ്രദ്ധിച്ചു. കുറച്ച് നേരം കഴിഞ്ഞപ്പോൾ ഒരു കുട്ടി ട്രെയിനിനുള്ളിൽ കയറി. അവൻ രാമുവിന്റെ അടുത്ത് ചെന്നിരുന്നു. അവർ തമ്മിൽ സംസാരിച്ചു. എന്നിട്ട് രാമു ചോദിച്ചു നീ മദ്യപിക്കുമോ? അവൻ പറഞ്ഞു ഈ ട്രെയിനിന്റെ ഏറ്റവും പുറകിലത്തെ സീറ്റിലുള്ളവർ എന്റെ കൂട്ടുകാരാണ് .നീയും കൂടുന്നോ? രാമുവിനോട് അവൻ ചോദിച്ചു. രാമു പറഞ്ഞു ഇല്ല .ഇങ്ങനെ ഒട്ടേറെ കുട്ടികൾ ലഹരിക്കടിമപ്പെടുന്നു. നീ ഇനി മദ്യപിക്കരുത്.നിന്റെ ജീവിതത്തെ മദ്യം നശിപ്പിക്കും. നീ ഒരിക്കലും ഇനി മദ്യത്തിനടിമപ്പെടരുത്. നീ നിന്റെ കൂട്ടുകാരെയും ഇതിൽ നിന്ന് മോചിപ്പിക്കണം .അവൻ പറഞ്ഞു. ശരി ഞാനിങ്ങനെ തന്നെ ചെയ്യാം .ഇതാ എന്റെ നമ്പർ രാമു പറഞ്ഞു. എന്നിട്ട് ഒരു പേപ്പറിൽ എഴുതി അവനു നൽകി. മൂന്നു മാസം കഴിഞ്ഞു ,ആ കുട്ടി രാമുവിനെ വിളിച്ചു . എന്നിട്ട് പറഞ്ഞു ചേട്ടാ, എന്നെ കൊണ്ട് നേരെയാക്കാൻ കഴിഞ്ഞില്ല. ക്ഷമിക്കണം .അവൻ ഫോൺ കട്ടു ചെയ്തു. എന്നിട്ട് ചിന്തിച്ചു . ലഹരിക്കടിമപ്പെട്ട സമൂഹത്തെ നമുക്ക് രക്ഷിക്കാൻ പ്രയാസമാണ്.ഇനി ആരെങ്കിലും അവരെ നല്ലവരാക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം......!

ആര്യ കൃഷ്ണൻ
9 B

# മഞ്ഞുതുള്ളി



പുലരിയിൽ വന്നെത്തും പവിഴമാം തുള്ളികൾ
എന്നടെ മേനിയിൽ വന്നണിഞ്ഞു
കുളിരാർന്ന കുഞ്ഞിതൾ ളുമലർമൊട്ടുകൾ
ഇത്തിരി നേരമേ ളുകിനിൽപ്പൂ...
ഇത്തിരി നേരമായ് ജ്വലിച്ചിട്ടും തുള്ളികൾ
മായാത്ത ഓർമയായ് തങ്ങിനിൽപ്പൂ.....

**കാർത്തിക് കൃഷ്ണ കെ**

***8A***

# The Headache

ASWIN SURYA.U.R
XA


One day a man went into a chemist's shop. The man asked " can you give me some medicines for a headache? "The chemist got up and took a bottle and placed it below the nose of the man and then he took out the cork.

The smell from the bottle so strong that tears came into his eyes.He fell down. When he regained his breath he asked "What did you do? " "Anyway the medicine cured your headache. " The chemist said. The man got angry and said ." you fool headache is not for me but for my wife."



# ചിത്രങ്ങൾ

SURYAKIRAN SANTHOSH
IX B






# *POOKALAM*

***HARICHANDANA S***
***XB***



# *POOKALAM*

*MERIN REJI*
*X B*



***ഈ ഐ റ്റി കൂട്ടായ്മയിൽ (പുലരി) ഞങ്ങളോട് സഹകരിച്ച എല്ലാ***
***അധ്യാപകർക്കും വിദ്യാർത്ഥിസുഹൃത്തുക്കൾക്കും***
***നന്ദി***

